**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3400** **15-02-2024 - ൽ മറുപടിയ്ക്ക്**

**വർക്കല പണയിൽ ഗവൺമെന്റ് എൽ.പി.എസിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിലെ പണയിൽ ഗവൺമെന്റ് എൽ.പി.എസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിലെ കെട്ടിടം പൊളിച്ച് മാറ്റി സൈറ്റ് ക്ലിയർ ചെയ്തു നൽകുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, സ്കൂളിന് നൽകിയ 31.10.2023-ലെ ബി.എസ്.സി/8637/2018 നമ്പർ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (എ) | **പണയിൽ ഗവ. എൽ.പി.സ്കൂളിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിലവിൽ ഫിറ്റ്നസ് ഉള്ളതും ക്ലാസ്സുകൾ പ്രവർത്തിക്കുന്ന തുമായ കെട്ടിടം പൊളിച്ചുമാറ്റേണ്ടതുണ്ട് . ടി കെട്ടിടം പൊളിക്കുന്നതിനായി പ്രസ്തുത സ്കൂൾ പ്രവർത്തിക്കുന്നതിനായി പകരം സംവിധാനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.** |
| (ബി) | പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ടെണ്ടർ നടപടി പൂർത്തിയായതിനാൽ നിലവിലെ കെട്ടിടം ഇടിച്ചു മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | **നിലവിലെ കെട്ടിടം പൊളിക്കുന്നതിനും, പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയി ട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ